"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ ഓൺലൈൻ പൊതു സ്ഥലംമാറ്റം - അധിക മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1081/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025**

---

പരാമർശം:-

1. സ.ഉ. (കൈ) നം.79/2023/LSGD തീയതി, 22/03/2023.
2. സ.ഉ.(കൈ) നം.46/2024/LSGD തീയതി, 16/03/2024.
3. സ.ഉ. (കൈ) നം.9/2024/P&ARD തീയതി, 10/06/2024.
4. സ.ഉ.(കൈ) നം.22/2024/P&ARD തീയതി, 06/11/2024.
5. സ.ഉ.(കൈ) നം.48/2025/LSGD തീയതി, 11/03/2025.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 16/03/2025-ലെ LSGD/PD/20485/2024-DED1 നമ്പർ കത്ത്.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലികമാക്കി പുതുക്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പരാമർശം (5) പ്രകാരം ടി ഉത്തരവ് ഭേദഗതി ചെയ്തിരുന്നു. എന്നാൽ, ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും പരാമർശം (3), (4) പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടി ഭേദഗതികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റ പ്രക്രിയ നടപ്പിലാക്കുന്നതിനായി നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതു സംബന്ധിച്ച് പരാമർശം (2) പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം ചുവടെ ചേർക്കും പ്രകാരം അധിക മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

(1) ഖണ്ഡിക 9(i) പട്ടിക (1)-ൽ ചുവടെപ്പറയും പ്രകാരം കൂട്ടിച്ചേർക്കുന്നു.

| ക്രമ നം. | വിഭാഗം | ഹാജരാക്കേണ്ട രേഖകൾ | മാർക്ക് |
|---|---|---|---|
| 11 എ | ഏകസന്താനമായിട്ടുള്ള ജീവനക്കാരനെ/ജീവനക്കാരിയെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്ന മാതാവ്/പിതാവ് | അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി/വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം | 25 |

(2) ഖണ്ഡിക 9 (ii) -ൽ ക്രമ നമ്പർ (1)-ൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാരെയും ക്രമ നമ്പർ (5)-ൽ ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികളുടെ മാതാപിതാക്കളെയും ഉൾപ്പെടുത്തുന്നു.

(3) ഖണ്ഡിക 9 (ii) പട്ടിക (2)-ൽ 3 (ബി) ആയി ഓട്ടിസം/സെറിബ്രൽ പാൾസി/ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികളുടെ മാതാപിതാക്കളെയും 7(ഇ) -ആയി ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാരെയും ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തുന്നു.

| ക്രമ നം. | വിഭാഗം | ഹാജരാക്കേണ്ട രേഖകൾ | മാർക്ക് |
|---|---|---|---|
| 3 | (ബി) ഓട്ടിസം/സെറിബ്രൽ പാൾസി/ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികളുടെ മാതാപിതാക്കൾ | അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് | 80 |
| 7 | (ഇ) ടൈപ്പ് വൺ പ്രമേഹ ബാധിതരായ ജീവനക്കാർ | അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് | 60 |

(4) രക്ഷിതാക്കൾ ഇല്ലാത്ത/രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സർക്കാർ ജീവനക്കാരായ സഹോദരങ്ങളെ ഖണ്ഡിക 9 (ii) -ൽ പ്രത്യേക മുൻഗണനാ വിഭാഗത്തിലും പട്ടിക (2)-ൽ 5(ഡി) ആയും ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തുന്നു.

| ക്രമ നം. | വിഭാഗം | ഹാജരാക്കേണ്ട രേഖകൾ | മാർക്ക് |
|---|---|---|---|
| 5 | (ഡി) രക്ഷിതാക്കൾ ഇല്ലാത്ത/രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങൾ | അംഗീകൃത മെഡിക്കൽ ബോർഡ് നൽകുന്ന സർ ട്ടിഫിക്കറ്റ് & നാഷണൽ ട്രസ്റ്റ് ആക്ട് 1999 പ്രകാരമുള്ള ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് | 70 |

(5) മൂന്ന് വർഷത്തിൽ അധികം ഔട്ട്സ്റ്റേഷൻ സീനിയോറിറ്റിയുള്ള ജീവനക്കാർക്ക് ഹോം ജില്ലയിൽ ഓപ്റ്റ്

ചെയ്തിട്ടുള്ള സ്റ്റേഷനുകളിൽ നിയമനം ലഭിക്കാത്ത പക്ഷം ഹോം ജില്ലയിലെ ഓപ്റ്റ് ചെയ്യാത്ത സ്റ്റേഷനുകളിലേയ്ക്കും പരിഗണിക്കേണ്ടതാണ് എന്ന് നിശ്ചയിക്കാൻ അവസരം നൽകുന്നതാണ്.

(6) അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാർ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ലക്ചറർ വിഭാഗം ജീവനക്കാർ, വെറ്റിനറി സർജൻസ് എന്നിവരെ മൂന്ന് വർഷത്തെ നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കി, അപേക്ഷിക്കുന്ന മുറയ്ക്ക് ഒഴിവ് കണക്കാക്കി മാത്രം സ്ഥലംമാറ്റം നടത്തുന്നതാണ് എന്ന് ഖണ്ഡിക 12 (ഡി) ആയി കൂട്ടിച്ചേർക്കുന്നു.

മേൽ പറഞ്ഞ അധിക മാർഗനിർദ്ദേശങ്ങളോടു കൂടി പരാമർശം (2) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ റ്റി വി**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/68/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 29-04-2025 16:33:37

സെക്ഷൻ ഓഫീസർ